(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ കെട്ടിടത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഹോസ്റ്റലിന്റെ പണി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ

139 [1319] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) എന്നു മുതലാണ് പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്;

(സി) ഒഴിവുവന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളെ സംബന്ധിച്ച വിവരങ്ങൾ തഴെ ചേർക്കുന്നു:

തസ്തിക	എണ്ണം	എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നു
ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് II	7	7/95
നേഴ്സിംഗ് അസിസ്റ്റൻറ്	5	10/95
വാൻ ക്ലീനർ	1	12/10/95
മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ	1	1/9/95
യു.ഡി. ക്ലാർക്ക്	1	1/2/96
റേഡിയോഗ്രാഫർ	1	13/1/96
എക്സ്റേ ടെക്നീഷ്യൻ	1	25/9/95
ലാബ് ടെക്നീഷ്യൻ	1	1/3/96
എക്സ്റേ അറ്റൻഡർ	1	31/7/95
അനസ്തേഷ്യ ടെക്നീഷ്യൻ	1	31/10/94
തീയേറ്റർ അസിസ്റ്റൻറ്	1	4/1/95

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly